കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം.22/2/2020

ജില്ലാ ഓാഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 05/02/2020

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴിമണ്ണ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം22/2/2020

തിയ്യതി: 05/02/2020

## മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2018 മുതൽ 05.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്.ആർ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06-12-2019 മുതൽ 18-12-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷറഫ്.കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.കെ മൂസ്സ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.നൈസാം എസ് | 01.04.2018 മുതൽ 31.03.2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.നൈസാം എസ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുഹമ്മദ് ഫൈസൽ | 01.04.2018 മുതൽ 21.06.2018 (FN) വരെ |
| | ശ്രീമതി.അമ്പിളി.പി.സി | 21.06.2018 (AN) മുതൽ 09.10.2018 വരെ |
| | ശ്രീ.ജയ്.എം.എ | 10.10.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷഫീഖ്.കെ | 01.04.2018 മുതൽ 18.05.2018 വരെ 11.07.2018 മുതൽ 31.03.2019 വരെ. |
| | ശ്രീ.വിമൽ ബാബു | 19.05.2018 മുതൽ 10.07.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മൂസ്സ.വി.കെ | 01.04.2018 മുതൽ 31.03.2019 വരെ. |
| വെറ്ററിനറിസർജൻ | ഡോ.കെ.എസ്.കണ്ണൻ | 01.04.2018 മുതൽ 03.06.2018വരെ 01.02.2019 മുതൽ 31.03.2019 വരെ. |
| | ഡോ.അബ്ദുൾ റസാഖ് | 04.06.2018 മുതൽ 31.01.2019 വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ.റിനി എം.ആർ | 01.04.2018 മുതൽ 28.02.2019 വരെ |
| | ഡോ.റജീന | 01.03.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സൂപ്പർവൈസർ | ശ്രീമതി.സുഫൈറത്ത്.കെ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.അബ്ദുസ്സമദ് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.നജ്മുദ്ദീൻ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| | | |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | രശീതി ഉപയോഗത്തിലെ അപാകതകൾ. | 1-12 |
| 13 | ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിലെ കാലതാമസം | 1- 13 |
| 14 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കലിലെ അപാകതകൾ. | 1-14 |
| 15 | അനധികൃത വിനിയോഗ മാറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല. | 1-15 |
| 16 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 1-16 |
| 17 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം. | 1-17 |
| 18 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് - ബാക്കി തുക തിരികെ വാങ്ങിയിട്ടില്ല. | 1-18 |
| 19 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-19 |
| 20 | സർക്കാർ നിർദേശം പാലിക്കാതെ ഇൻസിനറേറ്റർ സ്ഥാപിച്ചു. | 1-20 |
| 21 | കുടിവെള്ള പദ്ധതി - അപാകതകൾ | 1-21 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല. | 1-22 |
| 23 | പരിരക്ഷ – ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച നഴ്സിന് അധിക വേതനം നൽകി. | 1-23 |
| 24 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 1-24 |
| 25 | മരുന്ന് ലഭ്യമായില്ല. | 1-25 |
| 26 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രസവാവധി അനുവദിച്ചു. | 1-26 |
| 27 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് -പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല. | 1-27 |
| 28 | വൃദ്ധർക്ക് കട്ടിൽ (എസ്.സി)- വിതരണത്തിലെ അപാകതകൾ. | 1-28 |
| 29 | തെരുവ് വിളക്ക് സ്ഥാപിച്ചത്. | 1-29 |
| 30 | എസ്.സി.വിവാഹ ധനസഹായം - വൈകിക്കിട്ടിയ അപേക്ഷയിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ല | 1-30 |
| 31 | എസ്.സി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- അപാകതകൾ | 1-31 |

| | | |
|---|---|---|
| 32 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് - സെന്റേജ് ചാർജ്ജ് അധികം നൽകി. | 1-32 |
| ഭാഗം II വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 33 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 2-1 |
| ഭാഗം III ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 34 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. | 3-1 |
| 35 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 3-2 |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 |
| 38 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്.

2018-19 ലെ ബജറ്റ് 28.03.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 05.02.2019 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 20.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 9117067 |
| വരവ് | 84125811 |
| | |

| | |
|---|---|
| ആകെ | 93242878 |
| ചെലവ് | 68659568 |
| നീക്കിയിരുപ്പ് | 24583310 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15508412 | 15508412 | 15259576 | 248836 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8454000 | 8454000 | 5277441 | 3176559 |
| വികസനഫണ്ട് ടി.സ്.പി. | 0 | 151000 | 151000 | 0 | 151000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 16914000 | 16914000 | 10834269 | 6079731 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 3250000 | 3250000 | 2697730 | 552270 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7199000 | 7199000 | 4427910 | 2771090 |
| ശുചിത്വമിഷൻ | 663940 | 1386000 | 2049940 | 841040 | 1208900 |
| ഐ.സി.ഡി.എസ് | 913853 | 1051656 | 1965509 | 1250000 | 715509 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | 1760 | 649503 | 651263 | 650115 | 1148 |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 0 | 273000 | 273000 | 273000 | 0 |
| ബി. ഫണ്ട് | 0 | 871640 | 871640 | 871640 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 330 | 83888507 | 212 | 50737015 | 0 | 118 | 64.24 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1760 | 649503 | 651263 | 650115 | 1148 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| അവിദഗ്ദ തൊഴിലാളികളുടെ വേതനം | 0 | 18707381 | 18707381 | 18707381 | 0 |
| സാധന സാമഗ്രികൾ | 0 | 2544949 | 2544949 | 2544949 | 0 |
| ആകെ | 1760 | 21901833 | 21903593 | 21902445 | 1148 |

# 1-7 ക്ഷേമപദ്ധതികൾ.

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 660240 | 359 |
| കർഷകതൊഴിലാളിപെൻഷൻ | 7422000 | 598 |
| വിധവാപെൻഷൻ | 11917800 | 919 |
| വാർദ്ധക്യകാലപെൻഷൻ | 21430300 | 1628 |
| വികലാംഗപെൻഷൻ | 5423700 | 416 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 328000 | 25 |
| വിവാഹ ധനസഹായം | 180000 | 6 |

# 1-8 ക്യാഷ് വേരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 46,624/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

1).തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2). ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

3).ഔട്ട് ഡോർ കളക്ഷൻ ഉദ്യോഗസ്ഥരുടെ രശീതി പുസ്തകം, കളക്ഷൻ രജിസ്റ്റർ എന്നിവ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല.

4). ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ അതാത് ദിവസം തന്നെ ബന്ധപ്പെട്ട സെക്ഷനുകൾക്ക് വിതരണം ചെയ്ത് തിയ്യതിയും ഒപ്പും രേഖപ്പെടുത്തേണ്ടതും ആ ദിവസത്തെ എല്ലാ തപാലുകളും വിതരണം ചെയ്തതായി സൂപ്പർവൈസറി ചുമതലയുള്ള ഉദ്യോഗസ്ഥൻ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2018 ആഗസ്റ്റ് മാസത്തിലെ വിതരണ രജിസ്റ്റർ മാത്രം പരിശോധിച്ചപ്പോൾ ഭൂരിഭാഗം അപേക്ഷകളും സെക്ഷനുകൾ കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല (ഉദാ.കറന്റ് നമ്പർ.6927 മുതൽ 6937 വരെ). കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയവയിലും കൈപ്പറ്റിയ തിയ്യതി രേഖപ്പെടുത്തിയിട്ടുമില്ല. സൂപ്പർവൈസറി ചുമലയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒരു ദിവസവും രേഖപ്പെടുത്തിയിട്ടില്ല.

5). അസിസ്റ്റന്റ് സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല.

6). സ്ട്രീറ്റ്ലൈറ്റ് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7). പെർമിറ്റ് ഫയലുകളിൽ വ്യക്തമായ കുറിപ്പ് ഫയൽ സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.11.2019 | 01.09.2019 മുതൽ 31.10.2019 വരെ | 04.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2011 മുതൽ 28.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 16.05.2011 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2. എസ്.ബി.ഐ യിലെ ബി ഫണ്ട് സ്കൂൾ ബിൽഡിംഗ് അക്കൗണ്ട് എന്ന ബാങ്ക് അക്കൗണ്ടിൽ ₹ 87123 നീക്കിയിരിപ്പുള്ളതായി കാണുന്നു എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ തുകയൊന്നും ഇല്ല. റി കൺസിലിയേഷൻ പത്രികയിൽ തുക ബാങ്ക് പിൻവലിച്ചു എന്ന് കാണുന്നു. ചെലവിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല. (രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല . ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല. )

4. വസ്തു നികുതിയിനത്തിൽ മുൻവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം കിട്ടാനുള്ള തുകയും ഈ വർഷത്തെ ഡിമാന്റ് പത്രിക പ്രകാരം അരിയർ ഡിമാന്റ് ആയി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കാനായിട്ടില്ല.

# 1-12 രശീതി ഉപയോഗത്തിലെ അപാകതകൾ.

രശീതി ബുക്കുകളുടെ ഉപയോഗത്തിലും വരവ് തുക അടവാക്കുന്നതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). തുക കുറവായി ഈടാക്കി. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ/തിയ്യതി | രശീതി പ്രകാരമുള്ള തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|
| 1 | 13637/96 തിയ്യതി: 28.11.2018 | 630 | 337 | 293 |
| 2 | 13640/92 തിയ്യതി: 26.11.2018 | 355 | 345 | 10 |
| 3 | 13641/8 | 276 | 266 | 10 |

| | തിയ്യതി: 26.11.2018 | | | |
|---|---|---|---|---|
| ആകെ | | | | 313 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 313/- രൂപ ഫ്രണ്ട് ഓഫീസിൽ അടച്ച് രശീതി ലഭ്യമാക്കിയിട്ടുണ്ട്. പിരിച്ചെടുത്ത പണം പൂർണ്ണമായും യഥാസമയം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2). വരവ് തുക യഥാസമയം അടവാക്കിയില്ല.

ഔട്ട് ഡോർ കളക്ഷൻ മുഖേനയുള്ള വരവ് തുക അതാത് ദിവസം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നില്ല. ചില സന്ദർഭങ്ങളിൽ ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഫ്രണ്ട് ഓഫീസിൽ അടക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

a). 07/03/2019 തിയ്യതിയിലെ രശീതി നമ്പർ : 39248/24 മുതൽ 40 വരെയുള്ള രശീതികൾ പ്രകാരമുള്ള വരവ് തുകയായ 4521/- രൂപയും, 08/03/2019 തിയ്യതിയിലെ രശീതി നമ്പർ : 39248/41 മുതൽ 48 വരെയുള്ള രശീതികൾ പ്രകാരമുള്ള വരവ് തുകയായ 2284/- രൂപയും ഉൾപ്പെടെയുള്ള 6,805/- രൂപ 11/03/2019 നാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

b). 10/03/2019 തിയ്യതിയിലെ രശീതി നമ്പർ : 39248/49 മുതൽ 68 വരെയുള്ള രശീതികൾ പ്രകാരമുള്ള വരവ് തുകയായ 6091/- രൂപ 12/03/2019 നാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

c). 11/03/2019 തിയ്യതിയിലെ രശീതി നമ്പർ : 39248/69 മുതൽ 100 വരെയുള്ള രശീതികൾ പ്രകാരമുള്ള വരവ് തുകയായ 17706/- രൂപയിൽ, 16706/- രൂപ 12.03.2019 നും ബാക്കി 1000/- രൂപ 14.03.2019 നുമാണ് ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുള്ളത്.

3). രശീതികളുടെ മുൻഗണനാക്രമം പാലിക്കുന്നില്ല.

രശീതി ബുക്കുകളുടെ വിതരണം ആയതിന്റെ ക്രമനമ്പർ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതും ആദ്യം ഇഷ്യു ചെയ്ത രശീതി പുസ്തകം ഉപയോഗിച്ച് കഴിഞ്ഞതിന് ശേഷം മാത്രം അടുത്ത രശീതി പുസ്തകം ഉപയോഗിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഒരേ സമയം ഒന്നിൽ കൂടുതൽ രശീതി ബുക്കുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിന് ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

19.03.2019 തിയ്യതിയിൽ ബുക്ക് നമ്പർ.50777/1 മുതൽ 22 വരെയുള്ള രശീതികൾ എഴുതിയതിന് ശേഷം ബുക്ക് നമ്പർ.50781 ലെ 1 മുതൽ 23 വരെയുള്ള രശീതികൾ ഉപയോഗിക്കുകയും പിന്നീട് 25.03.2019 തിയ്യതിയിൽ ബുക്ക് നമ്പർ.50777 ലെ 29 മുതൽ 55 വരെയുള്ള രശീതികൾ ഉപയോഗിച്ച് ബാക്കി രശീതികൾ ക്യാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ബുക്ക് നമ്പർ.50781 ലെ ഉപയോഗിക്കാതെ അവശേഷിക്കുന്ന 24 മുതൽ 100 വരെയുള്ള രശീതികളും ക്യാൻസൽ ചെയ്തിട്ടുണ്ട്. ഇത് കാരണം ഒരു രശീതി ബുക്കിന്റെ അധിക ഉപയോഗത്തിനും കാരണമായിട്ടുണ്ട്.

(4). മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പുതുതായി നിയമനം ലഭിച്ച ക്ലർക്കുമാർക്ക് ഔട്ട് ഡോർ കളക്ഷന് വേണ്ടി രശീതി ബുക്കുകൾ വിതരണം ചെയ്യുമ്പോൾ, രശീതികളുടെ ഉപയോഗത്തെ കുറിച്ചും പൊതുപണം കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് കാരണം രശീതി ഉപയോഗത്തിലെ അപാകതകളും (രശീതികളിലെ കറക്ഷനുകൾ, രശീതി ബുക്കുകളുടെ ക്രമപ്രകാരമല്ലാത്ത ഉപയോഗം) വരവ് തുക അടവാക്കുന്നതിലെ കാലതാമസവും സംഭവിച്ചിട്ടുണ്ട്. നികുതി പിരിവിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ രശീതിബുക്കുകളും കളക്ഷൻ

രജിസ്റ്ററുകളും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ യഥാസമയം പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കാത്തതിനാൽ ഈ അപാകതകൾ ഓഡിറ്റ് കാലയളവ് വരെ തുടരുന്നതിന് കാരണമായിട്ടുണ്ട്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രശീതി ഉപയോഗത്തിലും പൊതുപണം കൈകാര്യം ചെയ്യുന്നതിലും കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-13 ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിലെ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ഓഡിറ്റ് തിയ്യതി വരെ നിശ്ചയിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 384 അപേക്ഷകരിൽ നിന്നായി 1,72,400/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.05/16.12.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കലിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ,

നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്ക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

(2).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്തു ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. നോട്ട് ഫയലിൽ രേഖപ്പെടുത്തുന്ന വിവരങ്ങളിലും തുടർച്ചയില്ല. ആവശ്യമായ പാർക്കിംഗ് ഉൾപ്പെടുത്തി ഫയൽ റിട്ടേൺ ചെയ്തു എന്ന് കുറിപ്പെഴുതിയതിന് ശേഷം 'ഫയർ എൻ.ഒ.സി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് ' എന്നാണ് കുറിപ്പെഴുതിയിട്ടുള്ളത് (ഫയൽ നമ്പർ.B1-6957/18). എന്നാൽ പാർക്കിംഗിന്റെ അപാകത പരിഹരിച്ചിട്ടുണ്ടോ എന്നുള്ള വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

(3).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കുന്നില്ല.

(4).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(5). അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെടുമ്പോൾ സമർപ്പിക്കുന്ന ഒന്നിലേറെ പ്ലാനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇതിൽ ഏത് പ്ലാൻ പ്രകാരമാണ് പെർമിറ്റ് അനുവദിച്ചിട്ടിട്ടുള്ളത് എന്നത് വ്യകതമല്ല. അംഗീകൃത പ്ലാൻ സെക്രട്ടറിയോ അസിസ്റ്റന്റ് എഞ്ചിനീയറോ സാക്ഷ്യപ്പെടുത്തുന്നില്ല. അംഗീകൃത പ്ലാനിന്റെ ഒരു പകർപ്പ് സാക്ഷ്യപ്പെടുത്തി അപേക്ഷകന് നൽകുന്നുണ്ടോ എന്നതും വ്യക്തമല്ല.

അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 16/18-12-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-15 അനധികൃത വിനിയോഗ മാറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കക്കാട്ട്ചാലി ജാഫർ അമീൻ, S/o. ഉണ്ണിമമ്മദ് ഹാജി, പുതുവീട്ടുകണ്ടിയിൽ ഹൗസ്, ഒഴുകൂർ, മൊറയൂർ.പി.ഒ എന്നവരുടെ 29.08.2018 ലെ അപേക്ഷ പ്രകാരം നിലവിലുള്ള വാണിജ്യകെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവത്കരിച്ച് വസ്തുനികുതി ചുമത്തി കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| Floor | Plinth Area | Floor Area | Carpet Area |
|---|---|---|---|
| Existing Basement Floor | 729.74 $m^2$ | 729.74 $m^2$ | 261.21 $m^2$ |
| Existing Ground Floor | 523.48 $m^2$ | 523.48 $m^2$ | 442.41 $m^2$ |
| | | | |

| | | | |
|---|---|---|---|
| Existing First Floor | 733.00 $m^2$ | 733.00 $m^2$ | 577.49 $m^2$ |
| Completed Second Floor (Commercial) | 702.52 $m^2$ | 702.52 $m^2$ | 549.96 $m^2$ |
| Completed Third Floor (Residence) | 235.56 $m^2$ | 235.56 $m^2$ | 176.43 $m^2$ |
| Total | 2924.30 $m^2$ | 2924.30 $m^2$ | 2007.50 $m^2$ |
| Plot Area | 1193 $m^2$ (ബ്ലോക്ക് നം 33 റി സ്രവേ നം 491/6, ബ്ലോക്ക് നം 33 റി സ്രവേ നം 491/6-2 | | |

അപേക്ഷ പ്രകാരം സ്ഥലം സന്ദർശിച്ച ഓവർസിയർ ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭ്യമല്ല എന്ന് 04.09.2018 ന് രേഖപ്പെടുത്തി ഫയൽ തിരികെ നൽകിയെങ്കിലും ആയത് പരിഹരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പിന്നീട് അസിസ്റ്റന്റ് എഞ്ചിനീയറുടെ 07.09.2018 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 14.03.2019 ന് സെക്രട്ടറി വിനിയോഗ സാക്ഷ്യപത്രം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം നേരിൽ സന്ദർശിച്ചപ്പോൾ പ്ലാനിൽ പാർക്കിംഗ് ഏരിയയായി കാണിച്ചിട്ടുള്ള സ്ഥലത്ത് ഗ്രാമപഞ്ചായത്ത് കെട്ടിട നികുതി ചുമത്തി നമ്പർ അനുവദിച്ചിട്ടുള്ള റൂമുകൾ നിലനിൽക്കുന്നുണ്ട് എന്ന് വ്യക്തമായി. കൂടാതെ വാണിജ്യ കെട്ടിടം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അനുമതി നൽകി നമ്പർ അനുവദിച്ച ഈ കെട്ടിടത്തിൽ അനധികൃതമായി ഉപയോഗക്രമം മാറ്റി ഗ്രേസ് മാൾ എന്ന പേരിൽ ഓഡിറ്റോറിയം പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽ പെട്ടു. ഗ്രാമപഞ്ചായത്ത് ഓഫീസിന് തൊട്ടടുത്ത് തന്നെയുള്ള ഈ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നിട്ടുള്ള വിവാഹം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അനധികൃത വിനിയോഗമാറ്റം ശ്രദ്ധയിൽ പെട്ടിട്ടും ഗ്രാമപഞ്ചായത്ത് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.01/06.12.2019, ഓഡിറ്റ് എൻക്വയറി നമ്പർ.02/09.12.2019) നൽകിയ മറുപടിയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി അനധികൃതമായി ഓഡിറ്റോറിയമാക്കി പ്രവർത്തിപ്പിക്കുന്നതിനെതിരെ കെട്ടിടയുടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പാർക്കിംഗ് സൗകര്യത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിന് സമീപസ്ഥലം പാർക്കിംഗിന് വേണ്ടി ലീസിന് എടുത്തിട്ടുണ്ട് എന്നും അതിനനുസരിച്ച് ആവശ്യമായ പാർക്കിംഗ് ഏർപ്പെടുത്തി അപാകതകൾ പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ ഉപയോഗം നിയമാനുസൃതമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും പുതുതായി സമർപ്പിച്ച പാർക്കിംഗ് പ്ലാൻ പരിശോധിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പാർക്കിംഗ് സൗകര്യം ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണങ്ങൾ തുടർച്ചയായി നിരീക്ഷിക്കപ്പെടേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കും അനധികൃത വിനിയോഗ മാറ്റങ്ങൾക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

ചെയർമാൻ, നാഷണൽ എഡ്യുക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റ്, അരീക്കോട്. പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ളതും കുഴിമണ്ണ വില്ലേജിലെ റീ സർവ്വെ നമ്പർ S-177 R-344/9-2 ൽ പെട്ടതുമായ സ്ഥലത്ത് നിർമ്മിക്കുന്ന സ്വാശ്രയ കോളേജ് കെട്ടിടത്തിന്റെ അധിക നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് 10.09.2018 ന് BI-BA(240163)/2018 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 345.06 ച.മീറ്ററാണ്. നിലവിലുള്ള ഈ കെട്ടിടത്തിൽ 862.70 ചതുരശ്ര മീറ്റർ അധിക നിർമ്മാണത്തിനാണ് ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ പ്രകാരം ഈ കെട്ടിടത്തിന്റെ നിലവിലുള്ള വിസ്തൃതിയിൽ 57.90 ച.മീറ്റർ വിസ്തൃതിക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കാമ്പസിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വിസ്തൃതി അളന്ന് തിട്ടപ്പെടുത്തേണ്ടതും ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തു നികുതി ചുമത്തേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങൾക്കും പൂർണ്ണമായ വിസ്തൃതി കണക്കാക്കി നിയമാനുസൃത വസ്തുനികുതി ചുമത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 13/16.12.2019)

# 1-17 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I)പദ്ധതി രൂപീകരണം നടപടികൾ പാലിച്ചിട്ടില്ല.

2018-19 വർഷത്തെ പദ്ധതി ആസൂത്രണ നടപടികൾ 1/2018, 2/2018, 3/2018 മാസങ്ങളിലായാണ് പഞ്ചായത്തിൽ പൂർത്തീകരിച്ചത്. 30.01.2018, 07.03.2018 തിയ്യതികളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് പദ്ധതി രേഖ തയ്യാറാക്കുകയും 20.03.2018 ലെ വികസന സെമിനാറിൽ പദ്ധതി രേഖ അംഗീകരിക്കുകയും ചെയ്തതായാണ് കാണുന്നത്.

തൻ വർഷം നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ ചെയ്യുകയും പദ്ധതി നിർദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ന് ഒരു യോഗം ചേർന്ന് ഏതാനും പ്രൊജക്റ്റുകളുടെ പേര് (8 എണ്ണം) ശുപാർശ ചെയ്യുകമാത്രമാണ് ചെയ്തത്. പദ്ധതി മാർഗ്ഗ രേഖയിൽ നിർദേശിക്കുന്ന മറ്റ് നടപടികളൊന്നും തന്നെ പൂർത്തീകരിച്ചതായി കാണുന്നില്ല.. എന്നാൽ 20.03.2018 ലെ വികസന സെമിനാറിൽ തൻവർഷം നടപ്പാക്കേണ്ട മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്റ്റുകൾ തയ്യാറാക്കിയത് എങ്ങനെയെന്നും , പ്രൊജക്റ്റുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്ത് എന്നും ഓഡിറ്റിന് വ്യക്തമല്ല.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 258 പ്രൊജക്റ്റുകളാണ് തയ്യാറാക്കിയത്. ഇതിൽ പ്രൊജക്റ്റുകളിലായി 156ആകെ 27119279രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 258 | ആകെ അടങ്കൽ | 51630260 |
| നടപ്പിലാക്കിയത് | 156 | ചെലവ് | 27119279 |
| ശതമാനം | 60.46 | ചെലവ് ശതമാനം | 52.53 |

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. ജീവനക്കാർ പരിമിതമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ഇത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും തടസ്സമാകുമെന്ന് കാണുന്നു.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

III.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ഇത് തയ്യാറാക്കിയിട്ടില്ല. കൂടാതെ

മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2018-19 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

V)ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

തൻവർഷം നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ വിവരം ചെലവ് , റോഡ് പ്രവൃത്തികളുടെ ചെയിനേജ് എന്നീ വിവരങ്ങൾ സഹിതം ആസ്തി രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം പൂർണ്ണമായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് - ബാക്കി തുക തിരികെ വാങ്ങിയിട്ടില്ല.

ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്ന് പൈപ്പ്ലൈൻ നീട്ടൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ പണം ഡെപ്പോസിറ്റ് ചെയ്തു താഴെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി കേരള വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു

| പ്രവൃത്തി | KWA വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവ് | ബാക്കി തുക |
|---|---|---|
| ചീക്കോട് കുടിവെള്ള പദ്ധതിക്കുള്ള ലൈൻ എക്സ്റ്റൻഷൻ- വാർഡ് 16 (4/19)<br>ചെക്ക് നം 7023941/28.07.2018 ₹ 350000 | 298717 | 51283 |

കേരള വാട്ടർ അതോറിറ്റിയുമായുള്ള കരാർ പ്രകാരം പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ് കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ ഇത് ലഭ്യമായതായി ഫയലിൽ കാണുന്നില്ല. ഫൈനൽ ബിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ ബാക്കി വന്ന തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-19 പി.ഡബ്ല്യു.ഡി മാനുവൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം

പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. വളരെ കുറഞ്ഞ സമയത്തിനകം പൂർത്തീകരിക്കാവുന്ന റോഡ് ടാറിംഗ്, കോൺക്രീറ്റ് പ്രവൃത്തികൾക്ക് പോലും 6 മാസം പൂർത്തീകരണകാലാവധി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഏതാനു പ്രവൃത്തികളിൽ 9 മാസവും അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>കാലാവധി ദീർഘീകരണം (Extension of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 സർക്കാർ നിർദേശം പാലിക്കാതെ ഇൻസിനറേറ്റർ സ്ഥാപിച്ചു.

ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യം ശേഖരിച്ച് പുനഃ ചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണെന്ന് 22-01-18 -ലെ സ.ഉ(എം.എസ്) 11/2018/ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലും കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലും ഉണ്ടാകാവുന്ന ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ' ഘടക സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 253/18) എന്ന പേരിൽ പ്രോജക്റ്റ് തയ്യാറാക്കുകയും അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കുകയും ചെയ്തു.

നിർവ്വഹണ ഏജൻസിയായ സിഡ്കോ സമർപ്പിച്ച വിവിധ സ്പെസിഫിക്കേഷനുകളിലുള്ള എട്ട് ഇൻസിനറേറ്ററുകൾ പഞ്ചായത്ത് ഓഫീസിലും വിവിധ സ്ഥാപനങ്ങളിലും സ്ഥാപിച്ചതിന് ₹ 1104480 സിഡ്കോക്ക് നൽകിയിട്ടുണ്ട്.( ബിൽ നമ്പർ- 58/18-19 തി. 15.01.2019 )

ഇൻസിനറേറ്ററുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1- തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02-12-2014 -ലെ 71875/ഡി.സി.1/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിലേക്കായി ഇൻസിനറേറ്റർ അല്ലാതെ മറ്റ് സാങ്കേതിക വിദ്യകൾ ഒന്നും ഉപയോഗപ്രദമല്ല എന്ന ഘട്ടത്തിലും പ്രത്യേക സാഹചര്യങ്ങളിലും മാത്രമേ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകാവൂ എന്നും ആയത് സ്ഥാപിക്കുന്നതിന് മുമ്പായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി ശുചിത്വ മിഷൻ / മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പരിശോധനക്കും ശുപാർശക്കും ശേഷം സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയ ശേഷം വേണം ഇത്തരത്തിലുള്ള മാലിന്യ സംസ്കരണസംവിധാനങ്ങൾ സ്ഥാപിക്കാനായി നടപടി എടുക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി ഫയലിൽ കാണുന്നില്ല.

2- ടെണ്ടർ നടപടികൾ പാലിക്കാതെ സിഡ്കോ യിൽ നിന്ന് ഇൻസിനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 1104480 തടസ്സം ചെയ്യുന്നു.

# 1-21 കുടിവെള്ള പദ്ധതി - അപാകതകൾ

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതികൾക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ചെലവ് | അപാകതകൾ |
|---|---|---|
| പാണച്ചാൽ കുടിവെള്ള പദ്ധതി (302/19) | 50059<br>vr no 21800598/16.11.18 | 185 m GI പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കുന്നതിനാണ് പണം നൽകിയത്.<br>പ്രവൃത്തിയുടെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട്, കുടിവെള്ള പദ്ധതി ഗുണഭോക്തൃ കമ്മിറ്റിയുടെ അപേക്ഷ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ |

| | | |
|---|---|---|
| | | ഫയലിൽ ഇല്ല. ഒഴിവാക്കിയ GI പൈപ്പ് സ്റ്റാക്ക് ചെയ്തതിന്റെയും, അത് വില്പന നടത്തുന്നതിന് നടപടി സ്വീകരിച്ചതിന്റെയും വവരം ലഭ്യമല്ല. പുതുതായി വാങ്ങിയ ടാങ്കിന്റെ ഗ്യാരണ്ടി/ വാറണ്ടി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. |
| കൊടിക്കുന്ന കുടിവെള്ള പദ്ധതി (351/19) | 147912<br>vr no 21801192/ 29.03.19 | കുടിവെള്ള പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് ഗുണഭോക്തൃ സമിതിയുമായി കരാർ ചമച്ചിട്ടില്ല.<br>കിണർ, ടാങ്ക് സ്ഥാപിക്കുന്ന സ്ഥലം എന്നിവയുടെ ഉടമസ്ഥാവകാശരേഖ ലഭ്യമല്ല.<br>ടാങ്ക് , പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് എന്നാൽ മോട്ടോർ, വൈദ്യുതീകരണം എന്നിവക്ക് പണം വകയിരുത്തിയിട്ടില്ല. |
| ചെറുബാലത്തിൽ കുടിവെള്ള പദ്ധതി കിണർ റിപ്പയർ ( 311/19) | 100179<br>Bill No 19/18-19 dt 22.08.18 | എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. കുടിവെള്ള കിണർ റിപ്പയർ എന്നാണ് പ്രൊജക്ട് തയ്യാറാക്കിയത് എങ്കിലും മോട്ടോർ സ്ഥാപിക്കലും, സ്റ്റീൽ വർക്കുമാണ് നടത്തിയത്.<br>കുടിവെള്ള പദ്ധതി ആണെങ്കിൽ ഗുണഭോക്തൃ കമ്മിറ്റിയുടെ അപേക്ഷ, ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഒഴിവാക്കിയ പഴയ മോട്ടോർ എന്തുചെയ്തു എന്നത് സംബന്ധിച്ച വിവരവും ലഭ്യമല്ല. കൂടാതെ പുതുതായി വാങ്ങിയ മോട്ടോറിന്റെ ഗ്യാരണ്ടി/ വാറണ്ടി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. |
| ചോലാടിപ്പാറ ജലനിധി മോട്ടോർ സ്ഥാപിക്കൽ ( 497/19) | 117614<br>bill no 97/18-19 dt. 24.03.19 | മോട്ടോർ , പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്നതിനാണ് പണം നൽകിയത്.<br>കുടിവെള്ള പദ്ധതി ഗുണഭോക്തൃ കമ്മിറ്റിയുടെ അപേക്ഷ, ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഒഴിവാക്കിയ പഴയ മോട്ടോർ എന്തുചെയ്തു എന്നത് സംബന്ധിച്ച വിവരവും ലഭ്യമല്ല. കൂടാതെ പുതുതായി വാങ്ങിയ മോട്ടോറിന്റെ ഗ്യാരണ്ടി/ വാറണ്ടി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. |
| കങ്കാടി ശുദ്ധജല പദ്ധതി മോട്ടോർ മാറ്റിസ്ഥാപിക്കൽ ( 495/19) | 124760<br>bill no 126/18-19 dt. 27.3.19 | മോട്ടോർ , പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്നതിനാണ് പണം നൽകിയത്.<br>കുടിവെള്ള പദ്ധതി ഗുണഭോക്തൃ കമ്മിറ്റിയുടെ അപേക്ഷ, ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഒഴിവാക്കിയ പഴയ മോട്ടോർ എന്തുചെയ്തു എന്നത് സംബന്ധിച്ച വിവരവും ലഭ്യമല്ല. കൂടാതെ പുതുതായി വാങ്ങിയ മോട്ടോറിന്റെ ഗ്യാരണ്ടി/ വാറണ്ടി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. |
| മാങ്കാവ് കുടിവെള്ള പദ്ധതി ടാങ്ക് (309/19) | 71391<br>vr no 21800446/17.09.18 | പുതിയ പ്ലാറ്റ്ഫോം നിർമിച്ച് ടാങ്ക് സ്ഥാപിക്കുന്നതിനാണ് പണം ചെലവഴിച്ചത്. കുടിവെള്ള പദ്ധതി ഗുണഭോക്തൃ കമ്മിറ്റിയുടെ അപേക്ഷ, ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. പുതുതായി വാങ്ങിയ ടാങ്കിന്റെ ഗ്യാരണ്ടി/ വാറണ്ടി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. |

കുടിവെള്ള പദ്ധതി സംബന്ധിച്ച മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 611915 തടസ്സം ചെയ്യുന്നു. (ഇക്കാര്യം പരാമർശിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല.

2018-19 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈൻ ആയി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലും ഇത്തരത്തിൽ പഞ്ചായത്തിന് തുക ലഭിക്കാനുണ്ട്. തുക ലഭിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 പരിരക്ഷ – ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച നഴ്സിന് അധിക വേതനം നൽകി.

പരിരക്ഷ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന നഴ്സ് പ്രസവാവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച നഴ്സിന് സർക്കാർ ഉത്തരവ് പ്രകാരം അർഹമായതിൽ കൂടുതൽ തുക വേതനം ഇനത്തിൽ നൽകിക്കാണുന്നു.

2018-19 വർഷത്തേക്ക് ബാധകമായ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ " സ.ഉ(സാധാ)നം 3217/2015/ ത.സ്വ.ഭ.വ തി. 29.10.2015" ഉത്തരവ് ഖണ്ഡിക 2.8.13 പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് അർഹമായ ദിവസവേതനം ₹400 ആയും മാസത്തിൽ പരമാവധി ₹10000 ആയും നിശ്ചയിച്ചിട്ടുണ്ട്. 31.03.2019 ഈ ഉത്തരവിന് പ്രാബല്യമുണ്ട്.

പഞ്ചായത്തിൽ പരിരക്ഷ പദ്ധതിയിൽ 2018സെപ്തംബർ ഒന്ന് മുതൽ 2019 മാർച്ച് 9 വരെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത നഴ്സിന് നൽകിയ വേതനം താഴെ നൽകുന്നു.

| തുക | ബിൽ നം |
|---|---|
| 18000 | 4/18-19 Dt 15.11.2018 ₹ 140510 |
| 14500 | 7/18-19 Dt 19.12.2018 ₹ 130355 |
| 24000 | 8/18-19 Dt 16.03.2019 ₹ 68327 |
| 18500 | 10/18-19 Dt 28.03.2019 ₹ 82500 |
| 75000 | |

സർക്കാർ ഉത്തരവ് പ്രകാരം അർഹമായ വേതനം താഴെ പറയുന്നു.

| മാസം | ജോലിചെയ്ത ദിവസങ്ങളുടെ എണ്ണം | അർഹമായ വേതനം @400/day limited to 10000/ month |
|---|---|---|
| 2018 സെപ്തംബർ | 20 | 8000 |
| 2018 ഒക്ടോബർ | 23 | 9200 |
| 2018 നവംബർ | 22 | 8800 |
| 2018 ഡിസംബർ | 22 | 8800 |
| | | |

| | | |
|---|---|---|
| 2019 ജനവരി | 26 | 10000 |
| 2019 ഫെബ്രുവരി | 22 | 8800 |
| 2019 മാർച്ച് | 8 | 3200 |
| ആകെ | 143 | 56800 |

ഇത്തരത്തിൽ അധികം വേതനം നൽകിയതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം ) 29.11.2019 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിരക്ഷ നഴ്സിന്റെ വേതനം 15000 ആയി ഉയർത്തിയതിനാൽ ഈ വർദ്ധന സ്വാഭാവികമായും ദിവസ വേതനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിനും ലഭിക്കുന്നതാണ് എന്നും 2018 ലെ പാലിയേറ്റീവ് ഗൈഡ്ലൈനിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് ₹500 ദിവസ വേതനം നിരക്കിൽ പരമാവധി 15000നൽകാവുന്നതാണ് എന്നും പരാമർശമുണ്ട് എന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകിയത് എന്നുമാണ് നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്.

കരാർഅടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് അനുവദിക്കുന്ന വേതന വർദ്ധനവ് സ്വാഭാവികമായും ദിവസ വേതനാടിസ്ഥാനത്തിലുള്ള നഴ്സിനും ലഭിക്കും എന്ന മെഡിക്കൽ ഓഫീസറുടെ മറുപടി അംഗീകരിക്കാനാവില്ല. ദിവസ വേതനം നിശ്ചയിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന് അനുസൃതമായി മാത്രമെ വേതനം നൽകാനാവൂ.

കൂടാതെ 2018 ലെ പാലിയേറ്റീവ് ഗൈഡ് ലൈനിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് ₹500 ദിവസ വേതനം നിരക്കിൽ പരമാവധി 15000നൽകാവുന്നതാണ് എന്നും പരാമർശമുണ്ട് എന്ന മറുപടിയും ശരിയല്ല. 07.03.2019 നാണ് പുതിയ പാലിയേറ്റീവ് ഗൈഡ്‌ലൈൻ സർക്കാർ പുറപ്പെടുവിച്ചത്. ഈ ഉത്തരവിന് 01.04.2019 മുതലാണ് പ്രാബല്യം എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. 09.03.2019 അവസാനിച്ച ദിവസ വേതന നിയമനത്തിന് 01.04.2019 മുതൽ മാത്രം നിലവിലുള്ള നിരക്ക് നൽകി എന്ന മറുപടിയും അംഗീകരിക്കാനാകില്ല.

അധികമായി നൽകിയ തുക ₹18200 ( 75000- 56800 )ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-24 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾപ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

| പ്രൊജക്ട് | മരുന്ന് വാങ്ങുന്നതിന് | ലഭിച്ച മരുന്ന് |
|---|---|---|

| | | |
|---|---|---|
| | KMSCL ന് നൽകിയത് | |
| പരിരക്ഷ | 79000<br>(Bill No 7/18-19) | ₹42485<br>(KMSCL ഇൻവോയ്സ് നമ്പർ 6400/26.09.2019) |
| PHC യിലെക്ക് മരുന്ന് വാങ്ങൽ | 225000<br>(Bill No 6/18-19 | ₹ 128396<br>(KMSCL ഇൻവോയ്സ് നമ്പർ 144/05.04.2019- 7139, KMSCL ഇൻവോയ്സ് നമ്പർ 1441/30.05.2019- 48334, KMSCL ഇൻവോയ്സ് നമ്പർ 6773/19.10.2019- 72923) |

ലഭ്യമാക്കാൻ അവശേഷിക്കുന്ന ₹ 133119 യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നത്‌വരെ ചെലവ് തുക ₹ 133119 തടസ്സം ചെയ്യുന്നു.

# 1-26 സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രസവാവധി അനുവദിച്ചു.

പരിരക്ഷ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നഴ്സിന് 2018 ജൂൺ മുതൽ 2018 നവംബർ വരെ ആറുമാസം പ്രസവാവധി അനുവദിക്കുകയും ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്.

ഈ കാലയളവിൽ നൽകിയ വേതനത്തിന്റെ വിവരം താഴെ നൽകുന്നു

| തുക | കുറിപ്പ് |
|---|---|
| 15000 | 2018 ജൂൺ മാസത്തെ വേതനം (ബിൽ നം /18-19 Dt. ₹104750) |
| 60000 | 2018 ജൂലൈ മുതൽ ഒക്ടോബർ വരെ നാല് മാസത്തെ വേതനം (ബിൽ നം 4/18-19 dt 15.11.18 ₹ 140510 ) |
| 15000 | 2018 നവംബർ മാസത്തെ വേതനം (ബിൽ നം 7/18-19 dt 19.12.18 ₹ 130355 ) |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.02.2015 ലെ സ.ഉ(ആർ.ടി) നം 526/2015/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് നഴ്സുമാർക്ക് മൂന്ന് മാസത്തെ പ്രസവാവധിയാണ് അനുവദിക്കപ്പെട്ടത്. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വനിതാ ജീവനക്കാർക്ക് അർഹമായ പ്രസവാവധി മൂന്ന് മാസമാണെന്ന് കേരള സർവീസ് ചട്ടങ്ങളിലും വ്യക്തമാക്കിയതാണ്.

എന്നാൽ മേൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി വേതനത്തോട് കൂടിയ ആറ് മാസത്തെ പ്രസവാവധി പരിരക്ഷ നഴ്സിന് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( എൻക്വയറി നം. 18/18.12.19) സർക്കാർ ഉത്തരവ് 3845/2017 /LSGD Dt 29.11.2017 പ്രകാരം കരാർ ജീവനക്കാർക്ക് അർഹമായ പ്രസവാവധി പാലിയേറ്റീവ് നഴ്സുമാർക്കും നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും കേന്ദ്രസർക്കാറിന്റെ മെറ്റേണിറ്റി ബെനിഫിറ്റ് അമന്റ്മെന്റ് ആക്ട് 2017 ൽ ആറ് മാസം പ്രസവാവധി നൽകാവുന്നതാണെന്ന് പരാമർശിക്കുന്നുണ്ട് എന്നുമാണ് നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്.

കരാർ ജീവനക്കാർക്ക് അർഹമായ പ്രസവാവധി മൂന്ന് മാസമാണ് എന്ന് സർക്കാർ വ്യക്തമാക്കിയതിനാലും പരാമർശിക്കപ്പെട്ട ആക്ട് അനുസരിച്ച് കേരള സർക്കാർ ചട്ടത്തിൽ മാറ്റങ്ങൾ വരുത്താത്തതിനാലും മെഡിക്കൽ ഓഫീസർ നൽകിയ മറുപടി അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി മൂന്ന് മാസത്തെ ശമ്പളം അധികമായി നൽകിയത് അംഗീകരിക്കാനാവില്ല. ചെലവ് ചെയ്ത ₹ 45000 (15000x3) യുടെ ചെലവ് തടസ്സം ചെയ്യുന്നു. റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം

ചെലവിന് സാധൂകരണം നൽകുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കാത്ത പക്ഷം ചെലവ് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-27 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് -പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി മുൻകൂർ പണം നൽകിയ താഴെ പരാമർശിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രവൃത്തി | നൽകിയ തുക | കുറിപ്പ് |
|---|---|---|
| ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ എക്കാപറമ്പ് (275/19) | ₹ 500000<br>വൗച്ചർ നമ്പർ<br>21800964/12.02.2019 | പൂർത്തീകരണ കാലാവധി കരാറിൽ ചേർത്തിട്ടില്ല. |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-28 വൃദ്ധർക്ക് കട്ടിൽ (എസ്.സി)- വിതരണത്തിലെ അപാകതകൾ

വികസന ഫണ്ട് എസ്.സി.പി - യിൽ നിന്നും 5,23,000രൂപ വകയിരുത്തി, അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ 'വൃദ്ധർക്ക് കട്ടിൽ ' (പ്രോജക്റ്റ് നമ്പർ -32/19 )എന്ന പ്രോജക്റ്റിന്റെ ഭാഗമായി 4341.22/- രൂപ വിലയുള്ള 120 കട്ടിലുകൾ ആർട്ടിസാൻസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈയിനത്തിൽ 5,20,947 രൂപ 16-03-19 -ലെ 8/18-19 നമ്പർ ബിൽ പ്രകാരം മേൽ സ്ഥാപനത്തിന് നൽകുകയുണ്ടായി. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- പ്രോജക്റ്റ് മാനദണ്ഡ പ്രകാരം ഗുണഭോക്താക്കൾക്ക് 60 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഹാജരാക്കിയ ആധാർ കാർഡിന്റെ പകർപ്പ് പ്രകാരം 2018-19 -ൽ അവർക്ക് 60 വയസ്സ് തികഞ്ഞിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ജനിച്ച വർഷം |
|---|---|---|
| 1 | ശ്രീ.ഗോപാലൻ,പൊതുങ്കറക്കണ്ടി | 1960 |
| 2 | ശ്രീ.ഉണ്ണികൃഷ്ണൻ,ആലുക്കണ്ടി, പുളിയക്കോട് | 1966 |
| 3 | ശ്രീമതി.ദേവകി, മുണ്ടിയംകാവിൽ | 1966 |
| 4 | ശ്രീമതി.ലക്ഷ്മി.കെ,ചെറുപറമ്പിൽ | 1963 |
| 5 | ശ്രീമതി.വലിയക്കി, വലിയാർകുണ്ട് | 1963 |
| 6 | ശ്രീ.വേലായുധൻ, താഴത്ത് പുരക്കൽ | 1960 |
| 7 | ശ്രീമതി.ചെറിയക്കി, തളിക്കുന്നത്ത് | 1961 |
| 8 | ശ്രീമതി.കല്യാണി,വട്ടിപ്പറമ്പത്ത് | 1964 |
| 9 | ശ്രീ.ഓടനീലാണ്ടൻ, നമ്പ്യാർകുന്ന് | 1961 |
| | | |

| | | |
|---|---|---|
| 10 | ശ്രീ.വേലായുധൻ, ചെറായി | 1968 |
| 11 | ശ്രീമതി.ശാരദ, കോതേരി | 1966 |

ഇപ്രകാരം അനർഹരായ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 18-12-2019 ന് കൊടുത്ത 15 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ ഗുണഭോക്താക്കളെല്ലാം തന്നെ 60 വയസ്സ് തികഞ്ഞവരാണെന്നും അവരുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനക്കായി ഹാജരാക്കുന്നതാണെന്നും എക്സിറ്റ് മീറ്റിംഗിൽ അസി.സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2- കട്ടിലുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ആയതിനാൽ മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 5,20,947 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-29 തെരുവ് വിളക്ക് സ്ഥാപിച്ചത്- സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 18/19 ' streetlight convertion to LED' എന്ന പദ്ധതിയുടെ ഭാഗമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 7,20,000/- രൂപ പിൻവലിച്ച് നിർവ്വഹണ ഏജൻസിയായ സിൽക്കിന് കൈമാറുകയുണ്ടായി(ബിൽ നമ്പർ-2/18-19, തീയതി - 14-11-18). കരാറുടമ്പടി പ്രകാരം 24 Wബൾബ്, അനുബന്ധഉപകരണങ്ങൾ, ഇൻസ്റ്റലേഷൻ ചാർജ്ജ്, GST,SGST എന്നിവ ഉൾപ്പെടെ ഒരെണ്ണം സ്ഥാപിക്കാൻ 3200 രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടത്. തെരുവ് വിളക്ക് സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി -യുടെ സൂപ്പർവിഷനിൽ ആയിരിക്കേണ്ടതാണ്. സെക്രട്ടറിയുടെ 27-09-18 ലെ B2-8504/17 നമ്പർ കത്ത് പ്രകാരമാണ് സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ തുക എത്ര വരുമെന്ന് കണക്കാക്കി അറിയിക്കാൻ കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ, കിഴിശ്ശേരി - യോട് ആവശ്യപ്പെടുന്നത്. ഫയൽ പരിശോധിച്ചതിൽ വിവിധ വാർഡുകളിലായി 23-09-18,26-09-18,27-09-18, 28-09-18 എന്നീ തീയതികളിലായാണ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതെന്ന് കാണുന്നു. 18 വാർഡുകളിലായി 225 പഴയ തെരുവ് വിളക്കുകൾ മാറ്റി പുതിയ LED വിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ഇ.ബി-യുടെ സൂപ്പർവിഷൻ ഇല്ലാതെയാണ് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നു. മാത്രമല്ല, കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ്ജ് കണക്കാക്കി തുക അടവാക്കാൻ നിർദ്ദേശിച്ച വിവരം ഫയലിൽ ഇല്ല. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 18-12-2019 - ന് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തി നടത്തുന്നതിന് വാക്കാൽ വിരോധമില്ലെന്ന് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിൽ നിന്നും അറിയിച്ചിരുന്നുവെന്നാണ് കാണിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക് പോസ്റ്റിന്മേൽ പ്രവൃത്തി ചെയ്യുമ്പോൾ കെ.എസ്.ഇ.ബി ജീവനക്കാരുടെ സാന്നിധ്യം ഉറപ്പ് വരുത്തേണ്ടതുണ്ട്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 വർഷത്തിൽ 1,50,000 രൂപ കെ.എസ്.ഇ.ബി - യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്ന് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ പഴയ തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റിയതിന് ശേഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം എത്ര രൂപ കുറഞ്ഞുവെന്ന വിവരം ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടില്ല.

മാറ്റിയ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നും, ദീർഘനാൾ കഴിഞ്ഞതിനാൽ അവ ഉപയോഗശൂന്യമാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ വസ്തുക്കൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ച നടപടി അനുചിതമാണ്. അവ കൈയൊഴിഞ്ഞ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അത് വരെ ചെലവു തുക 7,20,000 രൂപ തടസ്സം ചെയ്യുന്നു.

# 1-30 എസ്.സി.വിവാഹ ധനസഹായം - വൈകിക്കിട്ടിയ അപേക്ഷയിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ല

അസി.സെക്രട്ടറി നിർവഹണം നടത്തിയ എസ്.സി വിവാഹ ധനസഹായം നൽകൽ (പ്രൊജക്ട് നമ്പ്ര : 31/19) പ്രകാരം 13 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം 975000 രൂപ അനുവദിച്ചിട്ടുണ്ട്. ജി.ഒ (എം.എസ്) 80/2017 ത.സ്വ.ഭ.വ തി:03-04-17 നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം എസ്.സി വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്നവർ വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 3 മാസത്തിനുള്ളിലോ അപേക്ഷ നൽകേണ്ടതാണ്. എന്നാൽ ശ്രീമതി.ശാരദ.വി, കളത്തിങ്ങൽ വീട്,കുഴിമണ്ണ എന്ന ഗുണഭോക്താവിന്റെ മകൾ അശ്വതിയുടെ വിവാഹം നടന്നത് 07-06-17 നാണ്. എന്നാൽ ടിയാൾ വിവാഹ ധനസഹായത്തിനായി ഗ്രാമ പഞ്ചായത്തിൽ അപേക്ഷ നൽകുന്നത് 27-10-18 നാണ്(കറന്റ് നമ്പർ B2-8712/18). 17-09-2018 -ലെ സ.ഉ(സാധാ)2438/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ 3 മാസം എന്നുള്ളത് 180 ദിവസമാക്കി ഉയർത്തിയെങ്കിലും നിശ്ചിത കാല പരിധിക്കകം അപേക്ഷിക്കാത്ത ഗുണഭോക്താക്കളുടെ അപേക്ഷ ജില്ലാ കളക്ടർക്ക് അയച്ച് കൊടുക്കേണ്ടതാണ്. ഇത്തരം കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുവാൻ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കലക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ അപേക്ഷ ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്ത് അനുമതി വാങ്ങിയിട്ടല്ല ധനസഹായം നൽകിയിട്ടുള്ളത്.

മേൽ അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 12-12-2019 - ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ ചെലവിന് സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. ആയതിനാൽ 15-11-18 -ലെ 2/18-19 നമ്പർ ബിൽ പ്രകാരം ടിയാരിക്ക് നൽകിയ വിവാഹ ധനസഹായ തുക 75,000 രൂപ സാധൂകരണം ലഭിക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു.

# 1-31 എസ്.സി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- അപാകതകൾ

എസ്.സി വിഭാഗങ്ങൾക്ക് വാട്ടർടാങ്ക് വിതരണം വിതരണം ചെയ്യുന്നതിനായി അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില (ഒരെണ്ണത്തിന് 2250രൂപ) | തുക നൽകിയ വിവരം | തുക | | |
|---|---|---|---|---|---|---|---|
| | | | | ബിൽ നമ്പർ / തീയതി | പ്ലാൻ (1687 വീതം) | ഗുണഭോക്തൃ വിഹിതം (563 വീതം) | ചെക്ക് നമ്പർ |
| 33/19 എസ്.സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം | PSRTY-273/Jan-19/18-01-19 | 55 | 123750 | 9/18-19/ 13-02-19 | 92785 | 30965 | 220949/ 14-02-19 |
| | PSRTY-203/Dec-18/15-12-18 | 60 | 135000 | 5/18-19/ 18-01-19 | 205814 | 68686 | 154789/ 05-01-19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | PSRTY-201/Dec-18/15-12-18 | 62 | 139500 | | | | |
| | ആകെ | 177 | 398250 | | 298599 | 99651 | - |

പ്രോജക്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1-ഇൻവോയ്സ് പ്രകാരം 177 ടാങ്കുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ആകെ 157 ഗുണഭോക്താക്കളുടെ അപേക്ഷയേ കണ്ടിട്ടുള്ളൂ.

2- മിക്ക ഗുണഭോക്താക്കളുടെയും അപേക്ഷയുടെ കൂടെ ജാതി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്,

ആധാർ എന്നിയുടെ പകർപ്പുകൾ തുടങ്ങിയ അനുബന്ധ രേഖകളില്ല.

3- സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിലവിൽ ടാങ്കുള്ളവർക്കും ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർക്കും വാട്ടർടാങ്ക് നൽകാൻ പാടുള്ളതല്ല. എന്നാൽ ആയത് സംബന്ധിച്ച് പരിശോധന റിപ്പോർട്ട് ഫയലിലില്ല.

4- ടാങ്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ കൈപ്പറ്റ് ഇല്ല.

5- ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരം ഫയലിലില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 16-12-2019 -ന് നൽകിയ 11 -ാം നമ്പർ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് വരെ ചെലവ് തുക 398250 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-32 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് - സെന്റേജ് ചാർജ്ജ് അധികം നൽകി.

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയുള്ള 2.5 % സെന്റേജ് ചാർജ്ജ് ഈടാക്കാൻ പാടില്ല. ഇക്കാര്യം വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.04.2018 ലെ GO(RT) /1069/2018 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതുമാണ് . എന്നാൽ 2018-19 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ പണം ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന പ്രവൃത്തിയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

| പ്രവൃത്തി | 12.5% നിരക്കിൽ അടച്ച സെന്റേജ് ചാർജ്ജ് | അധികം നൽകിയത് |
|---|---|---|
| ചീക്കോട് കുടിവെള്ള പദ്ധതിക്കുള്ള ലൈൻ എക്സ്റ്റൻഷൻ-വാർഡ് 16 (4/19)<br>ചെക്ക് നം 7023941/28.07.2018 ₹ 350000 | 38865 | 7773 |
| | ആകെ | 7773 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 പരിരക്ഷ – ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച നഴ്സിന് അധിക വേതനം നൽകി.

പരിരക്ഷ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന നഴ്സ് പ്രസവാവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച നഴ്സിന് സർക്കാർ ഉത്തരവ് പ്രകാരം അർഹമായതിൽ കൂടുതൽ തുക വേതനം ഇനത്തിൽ നൽകിക്കാണുന്നു.

2018-19 വർഷത്തേക്ക് ബാധകമായ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ " സ.ഉ(സാധാ)നം 3217/2015/ ത.സ്വ.ഭ.വ തി. 29.10.2015" ഉത്തരവ് ഖണ്ഡിക 2.8.13 പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് അർഹമായ ദിവസവേതനം ₹400 ആയും മാസത്തിൽ പരമാവധി ₹10000 ആയും നിശ്ചയിച്ചിട്ടുണ്ട്. 31.03.2019 ഈ ഉത്തരവിന് പ്രാബല്യമുണ്ട്.

പഞ്ചായത്തിൽ പരിരക്ഷ പദ്ധതിയിൽ 2018സെപ്തംബർ ഒന്ന് മുതൽ 2019 മാർച്ച് 9 വരെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത നഴ്സിന് നൽകിയ വേതനം താഴെ നൽകുന്നു.

| തുക | ബിൽ നം |
|---|---|
| 18000 | 4/18-19 Dt 15.11.2018 ₹ 140510 |
| 14500 | 7/18-19 Dt 19.12.2018 ₹ 130355 |
| 24000 | 8/18-19 Dt 16.03.2019 ₹ 68327 |
| 18500 | 10/18-19 Dt 28.03.2019 ₹ 82500 |
| 75000 | |

സർക്കാർ ഉത്തരവ് പ്രകാരം അർഹമായ വേതനം താഴെ പറയുന്നു.

| മാസം | ജോലിചെയ്ത ദിവസങ്ങളുടെ എണ്ണം | അർഹമായ വേതനം @400/day limited to 10000/ month |
|---|---|---|
| 2018 സെപ്തംബർ | 20 | 8000 |
| 2018 ഒക്ടോബർ | 23 | 9200 |
| 2018 നവംബർ | 22 | 8800 |
| 2018 ഡിസംബർ | 22 | 8800 |
| 2019 ജനവരി | 26 | 10000 |
| 2019 ഫെബ്രുവരി | 22 | 8800 |
| 2019 മാർച്ച് | 8 | 3200 |
| ആകെ | 143 | 56800 |

ഇത്തരത്തിൽ അധികം വേതനം നൽകിയതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം ) 29.11.2019 ലെ ലർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിരക്ഷ നഴ്സിന്റെ വേതനം 15000 ആയി ഉയർത്തിയതിനാൽ സ്വാഭാവികമായും ദിവസ വേതനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിനും ലഭിക്കുന്നതാണ് എന്നും 2018 ലെ പാലിയേറ്റീവ് ഗൈഡ് ലൈനിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് ₹500 ദിവസ വേതനം നിരക്കിൽ പരമാവധി 15000നൽകാവുന്നതാണ് എന്നും

പരാമർശമുണ്ട് എന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകിയത് എന്നുമാണ് മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്.

കരാർഅടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് അനുവദിക്കുന്ന വേതന വർദ്ധനവ് സ്വാഭാവികമായും ദിവസ വേതനാടിസ്ഥാനത്തിലുള്ള നഴ്സിനും ലഭിക്കും എന്ന മെഡിക്കൽ ഓഫീസറുടെ മറുപടി അംഗീകരിക്കാനാവില്ല. ദിവസ വേതനം നിശ്ചയിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന് അനുസൃതമായി മാത്രമെ വേതനം നൽകാനാവൂ.

കൂടാതെ 2018 ലെ പാലിയേറ്റീവ് ഗൈഡ് ലൈനിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന നഴ്സിന് ₹500 ദിവസ വേതനം നിരക്കിൽ പരമാവധി 15000നൽകാവുന്നതാണ് എന്നും പരാമർശമുണ്ട് എന്ന മറുപടിയും ശരിയല്ല. 07.03.2019 നാണ് പുതിയ പാലിയേറ്റീവ് ഗൈഡ്‌ലൈൻ സർക്കാർ പുറപ്പെടുവിച്ചത്. ഈ ഉത്തരവിന് 01.04.2019 മുതലാണ് പ്രാബല്യം എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. 09.03.2019 അവസാനിച്ച ദിവസ വേതന നിയമനത്തിന് 01.04.2019 മുതൽ മാത്രം നിലവിലുള്ള നിരക്ക് നൽകി എന്ന മറുപടിയും അംഗീകരിക്കാനാകില്ല.

അധികമായി നൽകിയ തുക ₹18200 ( 75000- 56800 )ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 17.07.2019 & 18.07.2019 | കെ.എസ്.എ.എം.പി.എം.22/1197/2019 തി.05.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 162500 | 24/18-19- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 162500 | 0 |
| അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 700000 | 542/18-19- തൈക്കുന്ന് ശ്മശാന നിർമ്മാണം. | 0 | 700000 |
| ജില്ലാ പഞ്ചായത്ത് | 175000 | 24/18-19- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 175000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 98000 | 42/18-19- ലൈഫ് ഭവനപദ്ധതി. | 98000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കോതൊടി എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം. | 21801109 തി.30.01.2019 | 34050 | 23100 | പൂർത്തീകരിച്ചു. | 10950 |
| കെ.എസ്.ഇ.ബി | ബദൽ സ്കൂൾ ലൈൻ എക്സ്റ്റൻഷൻ. | 21801244 തി.11.03.2019 21801086 തി.15.03.2019 | 56408 | 56408 | പൂർത്തീകരിച്ചു. | 0 |
| കേരള വാട്ടർ അതോറിറ്റി. | ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റെൻഷൻ (വാർഡ് 14). | 21800964 തി.12.02.2019 | 500000 | 500000 | പൂർത്തീകരിച്ചു. | 0 |
| കേരള വാട്ടർ അതോറിറ്റി. | ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റെൻഷൻ (വാർഡ് 16). | 21800251 തി.11.07.2018 | 350000 | 350000 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5643665 രൂപ വരവുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി | ജി.ഒ. (എം.എസ്)നം. | 266365 | 0 | 0 | 0 | 266365 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (KURDFC) | 227/LSGD തിയതി 18.08.18 | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 5000 |

<u>വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| മലപ്പുറം ജില്ലാ സഹകരണ ആശുപത്രി വിഹിതം | 5000 | 1006,തിയ്യതി-20/06/1995 |

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 18678/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2003-04 | 3-8 | 683 | ശ്രീ.പത്മനാഭൻ, സെക്രട്ടറി. | 41800170 തി.16.02.2019 |
| 2005-06 | 3-6 | 790 | ശ്രീ.പത്മനാഭൻ, സെക്രട്ടറി. | 118120109227 തി.16.02.2019 |
| 2005-06 | 3-7 | 1300 | ശ്രീ.പത്മനാഭൻ, സെക്രട്ടറി. | 118120109228 തി.16.02.2019 |
| 2007-08 | 3-1 | 1500 | ശ്രീ.സുധാകരൻ, ക്ലർക്ക്. | 118120109229 തി.16.02.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 11 | 2004-05 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |
| 2000-01 | 20 | 2004-05 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |

| | | | | |
|---|---|---|---|---|
| 2010-11 | 3-9 | 2013-14 | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |
| ~~2013-14~~<br>2014-15 | 2-1 | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2013-14<br>2014-15 | 2-2 | 2016-17 | അൺ എയിഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2017-18 | 2-5 | 2018-19 | നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല. | നടപടി തുടർന്നു വരുന്നു. |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | | | ഇല്ല | | | | | | | | |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-09 | 3-2 | ശ്രീ.പി.പി.രാജൻ, സെക്രട്ടറി | LF.772/Spl.Cell/CS/D1/13 | 18750 | 0 | 0 | ഇല്ല | 0 | 0 | 0 | 18750 |
| 2 | 2011-12<br>2012-13 | 3-1<br>3-3 | ശ്രീമതി.കെ.പി.മിനിമോൾ.എൽ, എൽ.വി.ഇ.ഒ | LF.5817/Spl.Cell/CSC/D1/15 dt.26.09.2017 | 1210000 | 0 | 0 | ഇല്ല | 0 | 0 | 0 | 1210000 |
| 3 | 2011-12<br>2012-13 | 3-4 | ഡോ.കെ.എസ്.കണ്ണൻ, വെറ്റിനറി സർജൻ | LF.5817/Spl.Cell/CSC/D1/15 dt.26.09.2017 | 10000 | 0 | 0 | ഇല്ല | 0 | 0 | 0 | 10000 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 84125811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68659568 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3496796 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18200 | ഡോ.റിനി.എം.ആർ, മെഡിക്കൽ ഓഫീസർ |

| | | | |
|---|---|---|---|
| | | | (പി.എച്ച്.സി) |
| ആകെ | | 18200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1104480 | ശ്രീ.മൂസ.വി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-25 | 133119 | ഡോ.റിനി.എം.ആർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-26 | 45000 | ഡോ.റിനി.എം.ആർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-27 | 500000 | ശ്രീ.മൂസ.വി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-28 | 520947 | ശ്രീ.ജയ്.എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 720000 | ശ്രീ.നൈസാം.എസ്, സെക്രട്ടറി |
| 1-30 | 75000 | ശ്രീ.ജയ്.എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 398250 | ശ്രീ.ജയ്.എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2776796 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.റിനി.എം.ആർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി കുഴിമണ്ണ | പഞ്ചമി വീട്, ബംഗ്ലാവ് പറമ്പിൽ, ഫറൂഖ് കോളേജ്.പി.ഒ, കോഴിക്കോട്. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88,88-89 | കെ.എസ്.എ.എം.പി.എം.22/1569/18 തി:17.07.19 | 1 |
| 1992-93 | എൽ.എഫ്.എം.1088/95തി:01.08.1995 | 6 |
| 1992-93,94-95 | എൽ.എഫ്.എം.1299/97തി:13.07.1998 | 16 |
| 1996-97 | എൽ.എഫ്.എം.13/1183/98 തി:03.05.1999 | 30 |
| 1997-98,98-99, 99-2000 | എൽ.എഫ്.എം.7/1267/03 തി:20.03.2004 | 1 |
| 2001-02 | എൽ.എഫ്.എം.8/1203/03 തി:23.03.2004 | 9 |
| 2002-03 | എൽ.എഫ്.എം.8/502/08 തി:10.12.2008 | 11 |
| 2003-04 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 6 |
| 2004-05 | എൽ.എഫ്.എം.15/2297/08 തി:28.08.2009 | 9 |
| | | |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.എം.7/750/11 തി:14.01.2010 | 8 |
| 2006-07 | എൽ.എഫ്.എം.15/1806/09 തി:15.01.2010 | 19 |
| 2007-08 | എൽ.എഫ്.എം.7/1228/12 തി:16.11.2012 | 25 |
| 2008-09 | എൽ.എഫ്.എം.7/1229/12 തി:16.11.2012 | 15 |
| 2009-10 | എൽ.എഫ്.എം.7/2937/12 തി:17.01.2013 | 21 |
| 2010-11 | എൽ.എഫ്.എം.7/1759/13 തി:19.11.2013 | 7 |
| 2011-12, 12-13 | എൽ.എഫ്.എം.7/1473/14 തി:23.10.2014 | 12 |
| 2013-14,14-15 | എൽ.എഫ്.എം.7/1625/16 തി:07-03-17 | 14 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.22/2054/2018 തി:06.06.2019 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.22/2292/2018 തി:13.11.2018 | 11 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.22/536/2019 തി:13.06.2019 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.24/...../2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: ................

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.